# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 814 — 13.06.2012-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് ഒരേ നിരക്കിൽ ശമ്പളം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | 16/12/09 ലെ ജി.ഒ.(എം.എസ്) നമ്പർ.174/09/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമുള്ള നോട്ടിഫിക്കേഷൻ അനുസരിച്ചാണ് നിലവിൽ സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് വേതനം ലഭിക്കുന്നത്. സ്വകാര്യ ആശുപത്രിയിലെ നഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതന പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി 28/5/2012 ലെ സ.ഉ (സാധാ) നമ്പർ 799/2010/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ പ്രഥമ യോഗം 6/6/2012 ന് കൂടുകയുണ്ടായി. നഴ്സുമാർ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ രണ്ടു മാസത്തിനകം പൂർത്തീകരിക്കാൻ യോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കും ഒരേ നിരക്കിൽ ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |

| | |
|---|---|
| (സി) പാരാമെഡിക്കൽ ജീവനക്കാരുടേയും നഴ്സുമാരുടേയും യോഗ്യതകൾ പരിഗണിച്ചാണോ ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത്; ആണെങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (സി) ജോലിയുടെ സ്വഭാവവും അതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും പരിഗണിച്ചാണ് മിനിമം വേതനം നിർണ്ണയിച്ചിട്ടുള്ളത്. നഴ്സിംഗ് സൂപ്രണ്ടിന്റെ യോഗ്യത ബി.എസ്.സി നഴ്സിംഗും 5 വർഷത്തെ പ്രവൃത്തി പരിചയവും ജനറൽ നഴ്സിംഗ്, നഴ്സിംഗ് സൂപ്രണ്ട് ആകുന്നതിന് 10 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. ഫാർമസി സൂപ്രണ്ടിന് ഫാർമസി ബിരുദമോ ഡിപ്ലോമയോ 6 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ